(സി) ഈ തസ്തികയിൽ ഓരോ ജില്ലയിലും ദിവസവേതനാടിസ്ഥാനത്തിലും, മാസവേതനാടിസ്ഥാനത്തിലും, താൽക്കാലികാടിസ്ഥാനത്തിലും നിയമനം ലഭിച്ച എത്ര പേർവീതം ജോലി ചെയ്യുന്നുണ്ടെന്ന വിവരം നൽകുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിൽ എച്ച്എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ; എത്ര ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാനുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പാലക്കാട് ജില്ലയിൽ നടത്തിയ നിയമനങ്ങൾ

60 (2064) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി. തസ്തികകളിൽ പാലക്കാട് ജില്ലയിൽ എത്ര നിയമനങ്ങൾ കെ.പി.എസ്.സി. മുഖാന്തിരം നടത്തിയിട്ടുണ്ട് ;

(ബി) എത്ര പ്രൊട്ടക്ടഡ് റ്റീച്ചേഴ്സിന് പ്രസ്തുത കാലയളവിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) എയ്ഡഡ് മേഖലയിൽ മേൽപ്പറഞ്ഞ തസ്തികകളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് ; ഇതിൽ പ്രൊട്ടക്ടഡ് ടീച്ചേഴ്സ് എത്ര പേരുണ്ട് എന്നറിയിക്കുമോ ;

(ഡി) പത്തുവർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.പി.എസ്.എ. .. 221

യു.പി.എസ്.എ. .. 149

എച്ച്.എസ്.എ. .. 320

എച്ച്.എസ്സ്.എസ്.ടി .. വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൊട്ടക്ടഡ് എൽ.പി.എസ്.എ. & യു.പി.എസ്.എ .. 83

പ്രൊട്ടക്ടഡ് എച്ച്.എസ്.എ. .. 23

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിൽ കൊല്ലം ജില്ലയിൽ 2011 മാർച്ച് 31-ന് ഉണ്ടാകുന്ന ഒഴിവുകൾ

61 (T2065) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിൽ കൊല്ലം ജില്ലയിൽ 2011 മാർച്ച് 31-ാം തീയതി ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2.

(ബി) 2011-12 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുപാതിക ക്രമത്തിൽ പി.എസ്.സി. മുഖേന നികത്തുവാൻ കഴിയുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

പരിചയസമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി

62 (2066) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-9-2008-ലെ 2/2701/എച്ച്.എസ്.ഇ. വിജ്ഞാപന പ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം നിയമനങ്ങൾ നടത്തി പരിചയസമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് ഉടനടി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി(ജൂനിയർ) തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ 30-9-2008-ലെ എ.ഡി.ബി2/2701/എച്ച്.എസ്.ഇ/08 നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതിൻപ്രകാരം 17-2-2010-ൽ താല്ക്കാലിക

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly